**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പെൻഷൻ –കുടുംബ പെൻഷൻ - ആഭ്യന്തര വകുപ്പിൽ സേവനത്തിലിരിക്കെ മരണപ്പെട്ട ജോമോൻ ജോസിന്റെ കുടുംബ - പെൻഷൻ ടിയാന്റെ പിതാവ് മരണപ്പെട്ടതിനാൽ മാതാവിന് മാത്രമായി പൂർണ്ണമായ നിരക്കിൽ പുനഃസ്ഥാപിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പെൻഷൻ-എ) വകുപ്പ്**

സ.ഉ(സാധാ) നം.**9957/2018/**ധന. തിരുവനന്തപുരം,തീയതി.**04/12/2018**

---

പരാമർശം:- 1. 07/07/2005 – ലെ സ.ഉ(പി)നം.5046/2005/ധന നമ്പർ ഉത്തരവ്.
2. ശ്രീമതി.ത്രേസ്യാമ്മ ജോസിന്റെ അപേക്ഷ.
3. ഇ.വി.ജോസിന്റെ മരണ സർട്ടിഫിക്കറ്റ്.
4. PPO No.എസ്.എഫ്/എംവി2/791, എസ്.എഫ്/എംവി2/792.

**<u>ഉത്തരവ്</u>**

ആഭ്യന്തര വകുപ്പിൽ നിന്നും എ.പി.എ.എസ്.ഐ ആയി സേവനമനുഷ്ഠിക്കവേ മരണപ്പെട്ട ജോമോൻ ജോസിന്റെ കുടുംബ പെൻഷൻ മാതാപിതാക്കൾക്ക് സൂചന(1) പ്രകാരം തുല്യമായി വീതിച്ച് നൽകിയിരുന്നു. എന്നാൽ പിതാവായ ശ്രീ. ഇ.വി.ജോസ് മരണപ്പെട്ടതിനാൽ ടിയാന്റെ പെൻഷൻ വിഹിതം കൂടി മാതാവ് ശ്രീമതി.ത്രേസ്യാമ്മ ജോസിന് പുനഃസ്ഥാപിച്ച് നൽകുന്നതിന് സൂചന(2) ലെ അപേക്ഷയും സൂചന(3)ലെ ഇ.വി.ജോസിന്റെ മരണ സർട്ടിഫിക്കറ്റും സൂചന(4) ലെ പെൻഷൻ പെയ്മെന്റ് ഓർഡർ സഹിതം അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിൽ പരേതനായ ജോമോൻ ജോസിന്റെ പിതാവ് 03/04/18- ൽ മരണപ്പെട്ടതായി ബോധ്യമായതിനാൽ കെ.എസ്.ആർ ഭാഗം III ചട്ടം 90 6 (എ)(2) പ്രകാരം കുടുംബ പെൻഷൻ ലഭ്യമായിക്കൊണ്ടിരുന്ന മാതാപിതാക്കളിലൊരാൾ മരണപ്പെടുന്ന പക്ഷം മരണപ്പെട്ടയാളിന്റെ വിഹിതം കൂടി ജീവിച്ചിരിക്കുന്ന അംഗത്തിന് നൽകാവുന്നതാണ് എന്ന ചട്ടത്തെ അടിസ്ഥാനമാക്കി പരേതനായ ജോമോൻ ജോസിന്റെ മാതാവായ ശ്രീമതി.ത്രേസ്യാമ്മ ജോസിന് പുനഃസ്ഥാപിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(3) പ്രസ്തുത കുടുംബ പെൻഷൻ നൽകുന്നതിനാവശ്യമായ അധികാരദാനം അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം നൽകുന്നതായിരിക്കും. ഇതിനുള്ള ചെലവ് "2071-01-105-99 കുടുംബ പെൻഷൻ (വോട്ടു ചെയ്തത്) (നോൺ പ്ലാൻ)" എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**കെ.രാജശ്രീ**

**അഡീഷണൽ സെക്രട്ടറി(ധനകാര്യം)**

(............2)

പകർപ്പ് :

1. അക്കൗണ്ടൻറ് ജനറൽ (എ. ആൻറ് ഇ) കേരള,തിരുവനന്തപുരം
2. അക്കൗണ്ടൻറ് ജനറൽ (ജി. ആൻറ് എസ്.എ) കേരള, തിരുവനന്തപുരം.
3. അക്കൗണ്ടൻറ് ജനറൽ ( ഇ.ആൻറ് ആർ.എസ്.എ) കേരള, തിരുവനന്തപുരം.
4. ശ്രീമതി.ത്രേസ്യാമ്മ ജോസ്,ഇരിങ്ങോളിൽ (വീട്),വാഴക്കുളം (പി.ഒ),മഞ്ഞള്ളൂർ,മൂവാറ്റുപുഴ, പിൻ-685570.
5. സബ് ട്രഷറി,കല്ലൂർക്കാട്,എറണാകുളം.
6. നോഡൽ ഓഫീസർ , www.finance.kerala.gov.in.
7. സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി.(E.986804)

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**